**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2298** **05-02-2026 - ൽ മറുപടിയ്ക്ക്**

**ബെവ്കോയിലെ നിയമവിരുദ്ധമായ ഡെപ്യൂട്ടേഷൻ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 12.1.24ന് നിലവിൽ വന്ന കാറ്റഗറി നമ്പർ 609/2021 പ്രകാരമുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ബെവ്കോയിലെ ഒ. എ./ ഷോപ്പ് അറ്റൻഡർ തസ്തികയിലെ സാങ്ഷൻഡ് സ്ട്രെങ്ത്തിലുള്ള 220 ഒഴിവുകളിലേക്ക് വിവിധ വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഒ.എ./ഷോപ്പ് അറ്റൻഡർ തസ്തികയിലെ സാങ്ഷൻഡ് സ്ട്രെങ്ത്തിലുള്ള എണ്ണത്തിന് പുറമെയാണ് ഡെപ്യൂട്ടേഷൻ ജീവനക്കാർ ജോലിചെയ്തുവരുന്നത്. സാങ്ഷൻഡ് തസ്തികയിലെ ഒഴിവുകൾ മാത്രമേ പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്യുന്നതിനും പി.എസ്.സി നിയമന ശിപാർശ പ്രകാരം നിയമനം നൽകുന്നതിനും കഴിയുകയുള്ളു ആയതിനാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉള്ള നിയമനം പി.എസ്.സി റങ്ക് പട്ടികയിൽ നിന്നുള്ള നിയമനത്തെ ബാധിക്കുന്നില്ല. |
| (ബി) | പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ 220 പേർക്ക് ഡെപ്യൂട്ടേഷൻ നിയമനം നൽകിയതിലൂടെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന സാധ്യത 50% ആയി കുറഞ്ഞത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഒ.എ./ഷോപ്പ് അറ്റൻഡർ തസ്തികയിലെ സാങ്ഷൻഡ് സ്ട്രെങ്ത്തിലുള്ള എണ്ണത്തിന് പുറമെയാണ് ഡെപ്യൂട്ടേഷൻ ജീവനക്കാർ ജോലിചെയ്തുവരുന്നത്. സാങ്ഷൻഡ് തസ്തികയിലെ ഒഴിവുകൾ മാത്രമേ പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്യുന്നതിനും പി.എസ്.സി നിയമന ശിപാർശ പ്രകാരം നിയമനം നൽകുന്നതിനും കഴിയുകയുള്ളു ആയതിനാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉള്ള നിയമനം പി.എസ്.സി റങ്ക് പട്ടികയിൽ നിന്നുള്ള നിയമനത്തെ ബാധിക്കുന്നില്ല. |
| (സി) | മേൽപ്പറഞ്ഞ ഡെപ്യൂട്ടേഷൻ ജീവനക്കാരെ തിരികെ അയച്ച് പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനായി ബെവ്കോ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | കെ.എസ്.ബി.സി ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് സാങ്ഷൻഡ് തസ്തികകളുടെ എണ്ണം 1916 ആണ്. സാങ്ഷൻഡ് തസ്തികയിൽ പി.എസ്.സി മുഖേന നികത്തേണ്ടതായ ഒഴിവുകൾ പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്യുകയും, നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുകയും ചെയ്യുന്നുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നവർ സാങ്ഷൻഡ് തസ്തികയിലെ എണ്ണത്തിന് പുറമെയാണ് ജോലി നോക്കുന്നത്. ആയതിനാൽ ഇവർ മാതൃവകുപ്പുകളിലേക്ക് മടങ്ങി |

| | | | |
|---|---|---|---|
| | | | പോയാലും പ്രസ്തുത ഒഴിവുകൾ പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്യുന്നതിന് കഴിയുന്നതല്ല. |
| (ഡി) | ബെവ്കോ പുതിയ ഷോപ്പുകൾ ആരംഭിക്കുന്നതിന് ആനുപാതികമായി പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; പുതിയ ഷോപ്പുകൾ ആരംഭിക്കുന്നതിന് ആനുപാതികമായി പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) | പുതുതായി ബെവ്കോ ഷോപ്പുകൾ ആരംഭിക്കുന്ന സമയത്ത് നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുകയും, അതിന് ശേഷം അധിക തസ്തികകൾ ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം തസ്തികകൾ സൃഷ്ടിച്ചതിനു ശേഷം മാത്രമേ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. നിലവിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |
| (ഇ) | ബെവ്കോയുടെ അടച്ചുപൂട്ടിയ ഷോപ്പുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ മറ്റുള്ള വകുപ്പുകളിലേക്കോ ബോർഡുകളിലേക്കോ കോർപ്പറേഷനുകളിലേക്കോ പുനർവിന്യാസം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ ബെവ്ക്കോയിലേക്ക് തിരിച്ചെടുക്കാതെ പുതിയ ജീവനക്കാരെ മറ്റു വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഇ) | ബെവ്കോയുടെ അടച്ചുപൂട്ടിയ ഷോപ്പുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ മറ്റുള്ള വകുപ്പുകളിലേക്കോ ബോർഡുകളിലേക്കോ കോർപ്പറേഷനുകളിലേക്കോ പുനർവിന്യാസം ചെയ്തിട്ടില്ല. |
| (എഫ്) | നിയമവിരുദ്ധമായ പ്രസ്തുത ഡെപ്യൂട്ടേഷൻ നിയമനങ്ങൾ റദ്ദാക്കി പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ? | (എഫ്) | ബെവ്കോയിൽ ഡെപ്യൂട്ടേഷൻ നിയമനങ്ങൾ നിയമപരമായാണ് നടത്തി വരുന്നത് സാങ്ഷൻഡ് തസ്തികയിൽ മാത്രമേ പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ